പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6584 — 04.04.2018-ൽ മറുപടിക്ക്

**കരമന- കളിയിക്കാവിള ദേശീയ പാത വികസനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, അനൂപ് ജേക്കബ്<br>,, ഷാഫി പറമ്പിൽ<br>,, വി.പി.സജീന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കരമന- കളിയിക്കാവിള ദേശീയ പാത വികസനം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി ഇരുന്നൂറ്റി അറുപത്തഞ്ച് കോടി രൂപ വിതരണം ചെയ്തിട്ടും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) കരമന- കളിയിക്കാവിള ദേശീയ പാതാ വികസനത്തിന് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പിനായി 266.87 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടേണ്ട സർക്കാർ വക ഭൂമിയും കെട്ടിടങ്ങളും നാളിതുവരെയും കൈമാറി യിട്ടില്ല. ഭൂമി കൈമാറി കിട്ടുന്നതിനാവശ്യമായ റിക്വസിഷൻ ഫോമുകൾ തുടർനടപടികൾക്കായി 25/01/2018-ൽ റവന്യൂ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. ഈ റോഡ് വികസനത്തിന്റെ ആരംഭത്തിൽ വരുന്ന പ്രാവച്ചമ്പലം ഭാഗത്തെ രാജപാതയിൽ താമസിക്കുന്ന 23 പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം സംബന്ധിച്ച വിഷയത്തിലും സജാദ് എന്ന വ്യക്തിയുടെ ഹൈക്കോടതി കേസ് നിലവിലുള്ള എൽ.എ.സി. 639/15 എന്ന കെട്ടിടത്തിന്റെ കാര്യത്തിലും ഒരു അന്തിമതീരുമാനം ഇതുവരെയും ആയിട്ടില്ല. ആയതിന് ഒരു അന്തിമതീരുമാനം ആയാൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പ്, ജില്ലാകളക്ടറും CALA ഓഫീസറും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. |

| | |
|---|---|
| (ബി) രണ്ടാം ഘട്ടമായി നിശ്ചയിച്ച പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വീതി കൂട്ടൽ ബാലരാമപുരം മുതൽ കൊടിനടവരെ വെട്ടിച്ചുരുക്കിയതിന്റെയും ബാലരാമപുരം ജംഗ്ഷൻ വികസനം ഈ ഘട്ടത്തിൽ നിന്നും ഒഴിവാക്കിയതിന്റെയും കാരണം എന്താണ്<br><br>(സി) പ്രസ്തുത ഭാഗത്തെ പാതനിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) & (സി) കരമന – കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായി പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.50 കി.മീ ആണ് നിശ്ചയിക്കപ്പെട്ടിരുന്നത്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.50 കീ.മി. സ്ഥലമേറ്റെടുക്കൽ പുതിയ എൽ.എ ആക്ട് 2013 പ്രകാരം ആണ് നടത്തപ്പെടേണ്ടത്. ഇതിലേക്ക് കുറഞ്ഞത് രണ്ടര വർഷമെങ്കിലും വേണ്ടി വരുമെന്ന് ജില്ലാ കളക്ടർ 11/04/2017-ലെ യോഗത്തിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനം ഒന്നിച്ച് ചെയ്യുന്നത് പദ്ധതിനടത്തിപ്പിന് കാലതാമസം വരുത്തും എന്നുള്ളതുകൊണ്ട് 07/07/2017-ലെ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് സ്ഥലമേറ്റെടുക്കൽ പൂർത്തിയായി കൈമാറികിട്ടിയ 5 കീ.മി ഭാഗത്തെ (പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെ) പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള 5 കീ.മി ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രാവച്ചമ്പലം രാജപാതയിലെ ഇരുപത്തിരണ്ട് പട്ടികജാതി കുടുംബങ്ങളെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;<br><br>(ഇ) പ്രാവച്ചമ്പലം പാത വികസനത്തിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ നീക്കി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) & (ഇ) കരമന – കളിയിക്കാവിള ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ടുള്ള പൊന്നുംവില നടപടിയിൽ പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ള പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ നാലിൽ റിസർവ്വേ 58/1 ൽ ഉൾപ്പെട്ട സർക്കാർ ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)13074/15 നമ്പരായി കേസ് നിലവിൽ ഉള്ളതിനാൽ രാജപാതയിലെ കുടുംബങ്ങളെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. കോടതി നടപടികൾ കാരണം |

ആണ് കാലതാമസം. മേൽ പറഞ്ഞ പ്രതിബന്ധങ്ങൾ നീങ്ങുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ